**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6262** **17-03-2023 - ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളുടെ നിവേദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഓമശ്ശേരി റീജിയണൽ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഓമശ്ശേരി റീജിയണൽ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ നിവേദനത്തിന്മേൽ സഹകരണ നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം സംഘങ്ങൾക്ക് സർക്കാർ ഗ്രാന്റ്, ഷെയർ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾക്ക് ‘‘മറ്റ് സംഘങ്ങൾക്കുള്ള ധനസഹായം’’ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ ഗ്രാന്റ്, ഷെയർ എന്നിങ്ങനെ ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) പദ്ധതിയിൽ ഉൾപ്പെടുത്തി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 5 വർഷത്തെ പ്രവർത്തി പരിചയവും 5 വർഷമായി അറ്റാദായവുമുള്ള അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രവർത്തനം അനുസരിച്ച് ക്ലാസിഫിക്കേഷൻ നടത്തുന്നതിനും അതിനനുസൃതമായി സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും വേതനഘടന നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടെയും ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ, സ്റ്റാഫ് പാറ്റേൺ എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ